# ജൂൺ 5

# ലോക പരിസരദിനം

**"700 കോടി സ്വപ്നങ്ങൾ,**

**ഒരേ ഒരു ഗ്രഹം,**

**കരുതലോടെ ഉപയോഗിക്കുക."**

ജൂൺ 5 ലോക പരിസരദിനമായി ആചരിക്കാൻ തുടങ്ങിയിട്ട് 43 വർഷമാകുന്നു. 1972 ൽ സ്വീഡനിലെ സ്റ്റോക്ക് ഹോമിൽ നടന്ന ലോകസമ്മേളനത്തിൽ നിന്നാണ് ഈ ദിനാചരണത്തിന്റെ തുടക്കം. ഈ സമ്മേളനത്തിൽ വെച്ചാണ് ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി വിഭാഗമായ യു.എൻ.ഇ.പി. നിലവിൽ വന്നതും ജൂൺ 5 ലോക പരിസ്ഥിതിദിനമായി ആചരിക്കാനുള്ള തീരുമാനമുണ്ടായതും. പരിസ്ഥിതി സംബന്ധമായ നിരവധി ആശങ്കകളെകുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സുസ്ഥിരശൈലി രൂപപ്പെടുത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്കനുകൂലമായ മനോഭാവവും പെരുമാറ്റരീതികളും ഭാവിതലമുറയിൽ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യമാണ് ഈ ദിനാചരണം മുന്നോട്ട് വയ്ക്കുന്നത്.

സംസ്കാരങ്ങളുടെ ആരംഭം മുതൽ തന്നെ മനുഷ്യൻ പരിസ്ഥിതിവിജ്ഞാനത്തിൽ ആകൃഷ്ടനായിരുന്നു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട മൂല്യങ്ങളും ആചാരങ്ങളും നമ്മുടെ പ്രാചീന വൈദിക ഗ്രന്ഥങ്ങളിൽപ്പോലും കാണാം. മാനവരാശിക്കു മുഴുവൻ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് വ്യക്തമായ തിരിച്ചറിവുണ്ടാക്കുകയും സുസ്ഥിര വികസനം നടപ്പാക്കുകയും ചെയ്യേണ്ടത് മറ്റെന്തിനേക്കാളും ആവശ്യമായിരിക്കുകയാണ് ഇന്ന്. മൂന്നുകാര്യങ്ങളാണ് പരിസ്ഥിതി പഠനത്തിനുള്ള പ്രാധാന്യത്തിന് നിദാനം .

1) ആധുനിക പരിസ്ഥിതി സങ്കൽപ്പങ്ങൾക്ക് വ്യക്തത നൽകുന്ന വിവരങ്ങളുടെ ആവശ്യകത (ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ആവശ്യകത, സുസ്ഥിരതയിലൂന്നിയ ജീവിതശൈലിയുടെ ആവശ്യം, വിഭവങ്ങളുടെ തുല്യതയിലധിഷ്ഠിതമായ വിനിയോഗം......)

2) നമ്മൾ പരിസ്ഥിതിയെ വീക്ഷിക്കുന്ന രീതിയിലെ മാറ്റത്തിന്റെ ആവശ്യകത (നിരീക്ഷണവും സ്വയം പഠിക്കലും)

3) പരിസ്ഥിതി സൗഹൃദപരമായ പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ പരിസ്ഥിതിയെകുറിച്ചുള്ള ഉത്കണ്ഠ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത. നിത്യജീവിതത്തിൽ നമുക്കു ചെയ്യാൻ കഴിയുന്ന ചെറിയ കാര്യങ്ങളും ഇതിൽപ്പെടും.

ഒരു ജീവിയുടെ തൊട്ടടുത്ത ചുറ്റുപാടാണ് പരിസരം. ജീവികളും പരിസരവും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ചുള്ള പഠനമാണ് പരിസ്ഥിതിപഠനം. ചുരുക്കത്തിൽ ജൈവലോകത്തെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളെയും കുറിച്ചുള്ള പഠനമാണ് ഇത്. ജൈവശാസ്ത്രം, ഭൗമശാസ്ത്രം, രസതന്ത്രം, ഊർജ്ജതന്ത്രം, എൻജിനിയറിങ്ങ്, സാമൂഹ്യശാസ്ത്രം, ആരോഗ്യം, നരവംശശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, സ്ഥിതി വിവരശാസ്ത്രം, കമ്പ്യൂട്ടർ, തത്ത്വശാസ്ത്രം, വിഭവപരിപാലനം എന്നിവയൊക്കെ പരിസ്ഥിതി പഠനത്തിന്റെ ഭാഗങ്ങളാണ്.

പ്രകൃതി വിഭവങ്ങൾ പരിമിതമായ ലോകത്താണ് നാം ജീവിക്കുന്നത്. വെള്ളം, വായു, മണ്ണ്, ധാതുക്കൾ, എണ്ണ, വനങ്ങൾ, പുൽമേടുകൾ, സമുദ്രങ്ങൾ, കൃഷി, കന്നുകാലികൾ തുടങ്ങിയവയിൽ നിന്നുള്ള വിഭവങ്ങൾ നമ്മുടെ നിലനിൽപ്പിനെ സഹായിക്കുന്നു. അവയില്ലാതെ ജീവിതം അസാധ്യമാണ്. പ്രകൃതി വിഭവങ്ങളുടെ ഉപഭോഗവും ദുരുപയോഗവും വർദ്ധിക്കുമ്പോൾ ഭൂമിയിലെ വിഭവസ്രോതസ്സുകൾ ശോഷിക്കുന്നു. പ്രകൃതിയിലെ ശുദ്ധജലത്തിന്റെ വലിയൊരു ഭാഗം നാം വ്യഥാവിലാക്കുകയോ മലിനപ്പെടുത്തുകയോ ചെയ്യുന്നു. പ്ലാസ്റ്റിക് ഉപയോഗം, ഭക്ഷ്യവസ്തു പാഴാക്കൽ, ഖരമാലിന്യങ്ങൾ, രാസവസ്തുക്കൾ തുടങ്ങിയവ പരിസ്ഥിതിയിലുണ്ടാക്കുന്ന ആഘാതങ്ങൾ നമ്മുടെ ജീവിതത്തെ നിർണ്ണായകമായ രീതിയിൽ ബാധിക്കുന്നു.

പ്രകൃതിവിഭവങ്ങളുടെ ചൂഷണം അധികവും നടക്കുന്നത് അമിതലാഭത്തിനും ആഡംബരത്തിനും വേണ്ടിയാണ്. ഇതുചെയ്യുന്നതാവട്ടെ ന്യൂനപക്ഷം വരുന്ന സമ്പന്നർ ധൂർത്തടിക്കുന്നതുമൂലവും. അതേസമയം ദരിദ്രർക്കും പാവപ്പെട്ടവർക്കും തങ്ങളുടെ ജീവൻ നിലനിർത്താനുള്ള പ്രകൃതി വിഭവങ്ങൾപോലും കിട്ടുന്നില്ല. യൂ.എൻ.ഇ.പി. തയ്യാറാക്കിയ കണക്കുകൾ പ്രകാരം ലോകമാകെ നൂറ് കോടിയിലധികം മനുഷ്യർക്ക് കുടിവെള്ളം ഇപ്പോഴും കിട്ടാക്കനിയാണ്. എല്ലാവർക്കും അവകാശപ്പെട്ട കുടിവെള്ളമാണ് വൻകിട കമ്പനികൾ വിറ്റുകാശാക്കുന്നതും, വൻവ്യവസായങ്ങൾ, വമ്പൻ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ, വിനോദസഞ്ചാരം തുടങ്ങിയവ വഴി കൊള്ളയടിക്കപ്പെടുകയും മലിനമാകുകയും ചെയ്യുന്നത്. ലോകത്താകെ 130 കോടിയോളം മനുഷ്യർ പോഷകാഹാരമില്ലാതെ വലയുന്നു 100 കോടി പേർ ഭക്ഷണമില്ലാതെ പട്ടിണി കിടക്കുന്നു. അതേസമയം 15 കോടി മനുഷ്യർ പൊണ്ണത്തടിയും അമിതഭാരവും കൊണ്ട് ബുദ്ധിമുട്ടുന്നു. ഏകദേശം 130 കോടി ടൺ ഭക്ഷ്യവസ്തുക്കൾ ഇവർ പാഴാക്കിക്കളയുന്നു. വാഹനപ്പെരുപ്പം ഉണ്ടാകുമ്പോൾ പെട്രോളിയം ഉല്പ്പന്നങ്ങൾ അമിതമായി ഉപയോഗിക്കുന്നു. ആഢംബര വീടുകൾക്കായി മണ്ണും പാറയും ചെലവഴിക്കുമ്പോൾ ഈ വിഭവങ്ങൾ അമിതമായി ഉപയോഗിക്കുകയാണ്. ഭൂമിയും വിഭവങ്ങളും കയ്യടക്കി കൊള്ളലാഭമെടുക്കുന്നവരുടെ പ്രവർത്തനങ്ങൾ മൂലം ഭൂമിയുടെ ഉല്പാദനക്ഷമത കുറഞ്ഞു വരുന്നു. വയൽ നികത്തപ്പെടുന്നു, വെള്ളം മലിനമാകുന്നു, കടൽ സമ്പത്ത് കുറയുന്നു, തീരദേശം, വനം എന്നിവ നശിപ്പിക്കപ്പെടുന്നു. ഇവയെല്ലാം ഭക്ഷ്യ വസ്തുക്കൾ ഉത്പാദിപ്പിക്കപ്പെടുന്ന ഇടങ്ങൾ. പ്രധാന തൊഴിലിടങ്ങളും ഇവയൊക്കെത്തന്നെ. ഇത് ഒരു വശത്ത് സമ്പത്ത് കുന്നുകൂടുന്നതിനും മറുവശത്ത് ദാരിദ്ര്യം ഭീകരമാകുന്നതിനും ഇടയാക്കുന്നു.

പ്രകൃതി വിഭവങ്ങളുടെ അമിതമായ ചൂഷണം (വൻകിട വ്യവസായങ്ങൾ, വാഹനപ്പെരുപ്പം മുതലായവയിലൂടെ) അന്തരീക്ഷത്തിൽ വിഷവാതകങ്ങളുടെയും രാസവസ്തുക്കയളുടെയും അളവ് വർദ്ധിക്കുന്നതിനും ഹരിതഗൃഹപ്രഭാവം, ആഗോളതാപനം തുട

ങ്ങിയവയ്ക്ക് കാരണമാകുകയും അതുവഴി കാലാവസ്ഥാമാറ്റത്തിനും ഇടയാക്കുന്നു. ഇത് കടൽ ജലനിരപ്പ് ഉയരുന്നതിനും പ്രകൃതിക്ഷോഭങ്ങൾ ആവർത്തിക്കുന്നതിനും കാരണമാകുന്നു. ഇത് ഭൂമിയിലെ താഴ്ന്നപ്രദേശങ്ങളിൽ വെള്ളം കയറുന്നതിനും കൃഷിനശിക്കുന്നതിനും പ്രകൃതിദത്തമായ സ്വാഭാവിക ആവാസവ്യവസ്ഥകൾ നശിക്കുന്നതിനും ഭൂമിയിലെ മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടെ സർവ്വ നാശത്തിനും ഇടയാക്കുന്നു.

ഇത്തരത്തിൽ പ്രകൃതിക്കുമേൽ മനുഷ്യൻ നടത്തുന്ന കടന്നുകയറ്റങ്ങൾ അതിരുകൾ ഭേദിച്ച് കടുത്ത വിഭവശോഷണത്തിനും, മലിനീകരണത്തിനും, ദാരിദ്ര്യത്തിനും, സാമൂഹിക അസ്വസ്ഥതകൾക്കും വഴിവച്ചിരിക്കുന്നു. ലോകം മുഴുവൻ ശുദ്ധവായുവിനും ശുദ്ധജലത്തിനും വേണ്ടിയുള്ള നെട്ടോട്ടം തുടങ്ങിക്കഴിഞ്ഞു. കനത്ത പേമാരിയും, കനത്ത മഞ്ഞുവീഴ്ചയും, കൊടുങ്കാറ്റും തുടങ്ങി ദുരന്തങ്ങളുടെ ലോകത്തേക്കാണ് വരും തലമുറ കടന്നുവന്നുകൊണ്ടിരിക്കുന്നത്. 1960 ൽ 300 കോടിയായിരുന്ന ജനസംഖ്യ ഇന്ന് 700 കോടിയായി വളർന്നിരിക്കുന്നു. ഇന്നത്തെ 10% വരുന്ന സമ്പന്ന വർഗ്ഗത്തിന്റെ ജീവിതരീതി 700 കോടി ജനങ്ങളും പിൻതുടർന്നാൽ ....... ആവശ്യങ്ങൾ ചുരുക്കാനും അനാവശ്യങ്ങളും ആർത്തിയും ഒഴിവാക്കാനും മനുഷ്യന് ഏത് പാഠമാണ് തുണയാകുക ...... (കാഷ്മീരും നേപ്പാളും നമുക്ക് പാഠങ്ങളായിട്ടില്ല)

സാമ്പത്തിക വളർച്ചയും ലാഭവും അടിസ്ഥാനമാക്കിയ വികസനമാനദണ്ഡങ്ങൾക്കുള്ളിൽ നല്ല മണ്ണ്, നല്ല വെള്ളം, നല്ല വായു, നല്ല ആഹാരം, നല്ല പരിസ്ഥിതി, നല്ല സമൂഹം എന്നീ ചിന്തകൾക്ക് യാതൊരു സ്ഥാനവുമില്ല. ആധുനിക വികസന സമീപനവും അതുവഴിയുണ്ടാകുന്ന പാരിസ്ഥിതിക ആഘാതങ്ങളും ഉത്പാദനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന വിഭവ ശോഷണം, ഉത്പാദന പ്രക്രിയാതലം എന്നിങ്ങനെ പരിശോധിക്കുമ്പോഴെ നമ്മുടെ പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കുന്നതിന്റെ ഭീകരതയും അതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും ബോധ്യപ്പെടൂ.

**കാലാവസ്ഥാമാറ്റത്തിനെതിരായ അന്തർദേശീയ ശ്രമങ്ങൾ**

1. 1972 ജൂൺ 5-ാം തിയ്യതി- സ്റ്റോക്ക്ഹോം (സ്വീഡൻ)-(പുനസ്ഥാപിക്കാൻ കഴിയാത്ത പ്രകൃതി വിഭവങ്ങളുടെ ശോഷണം, മലിനീകരണം, ജൈവവൈവിധ്യ നാശം, മണ്ണൊലിപ്പ്, മരുവൽക്കരണം, കാലാവസ്ഥാ വ്യതിയാനം . . . . .)
2. 1997 - മെയ് 9 ന്യൂയോർക്ക് കൺവെൻഷൻ
3. 1992 - റിയോഡിജനീറോ (ബ്രസീൽ) - ഭൗമ ഉച്ചകോടി - 176 രാഷ്ട്രങ്ങൾ ചേർന്ന് അംഗീകരിച്ച രേഖ - റിയോ പ്രഖ്യാപനം (എർത്ത് ചാർട്ടർ) - സുസ്ഥിര വികസനവും ഭൂമിയുടെ നിലനിൽപ്പും - 27 മാർഗ്ഗ നിർദ്ദേശങ്ങൾ)
4. 2002 - ജൊഹന്നാസ് ബർഗിൽ - ഉച്ചകോടി - സുസ്ഥിര വികസനം.
5. 1997 - ജപ്പാനിലെ ക്യോട്ടോ കോൺഫറൻസ് (ആഗോളതാപനം - ഹരിതഗൃഹവാതകങ്ങൾ പുറന്തള്ളലിൽ നിയന്ത്രണം)
   രണ്ട് സമയക്രമങ്ങൾ - 1) 2008 ൽ തുടങ്ങി 2012 ൽ അവസാനിക്കുന്നത്.
   2) 2013 ൽ ആരംഭിച്ച് 2020 ൽ അവസാനിക്കുന്നത്.
   (അമേരിക്ക ഇതു വരെ ഒപ്പു വച്ചിട്ടില്ല)
6. cop 1 മുതൽ cop 20

   ഒപ്പിട്ട 192 രാജ്യങ്ങളുടെ 20 യോഗങ്ങൾ 2014 വരെ നടന്നു കഴിഞ്ഞു.(Conference of the parties)

cop 20 - ഡിസംബർ 2014 - പെറുവിലെ ലിമയിൽ നടന്നു.

8. cop 21 - നവം. 2015 - പാരീസിൽ നടക്കുന്നു. (നവം. 30 - ഡിസം. 11)

ആഗോളതാപനത്തിന് ഇടയാക്കുന്ന ഹരിതഗൃഹവാതകങ്ങളുടെ ആളോഹരി ഉത്സർജനം വികസിതരാജ്യങ്ങളെ അപേക്ഷിച്ച് ഈ നൂറ്റാണ്ടിൽ തന്നെ കുറവാണെങ്കിലും ഇന്ത്യയുടെ വികസനരീതി പരിഗണിക്കുമ്പോൾ ഈ നൂറ്റാണ്ടിൽതന്നെ ആഗോള താപനം $16^{0}C$ എങ്കിലും വർധിക്കും. ഈ അവസ്ഥയിൽ എത്തിച്ചേർന്നാൽ ഭൂമുഖത്ത് മനുഷ്യനോ മറ്റു ജീവജാലങ്ങളോ അവശേഷിക്കില്ല.

ഒരു ഹരിത സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള ചിന്തകളും അതിനനുസൃതമായ ജീവിതരീതികളും വളർത്തിക്കൊണ്ടുവരാൻ നമുക്ക് ചെയ്യാൻ കഴിയുന്നകാര്യങ്ങൾ എന്തെല്ലാമാണ്. സൗരോർജ്ജം, ജൈവ ഇന്ധനം, കാറ്റ്, തിരമാല എന്നിവയിൽ നിന്നുള്ള ഊർജ്ജോത്പാദനം എന്നിവയെ ആശ്രയിച്ചുള്ള ജീവിതശൈലിയും ഹരിത ജീവനോപാധികളും അനുവർത്തിക്കുകയെന്നതാണ് ഒരു പോംവഴി. കാർഷിക വ്യവസ്ഥയുമായി ബന്ധപ്പെട്ട ജോലികൾ,ആവാസവ്യവസ്ഥകളെയും, ജൈവവൈവിധ്യത്തെയും സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പരിസ്ഥിതിയുടെ ഗുണമേന്മ നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ ഹരിത ജീവനോപാധികളിൽപ്പെടും. ഫോസിൽ ഇന്ധനങ്ങൾ ഉപയോഗപ്പെടുത്തിയുള്ള പദ്ധതികളേക്കാൾ കൂടുതൽ തൊഴിൽ സാധ്യതകൾ ഉത്പാദിപ്പിക്കാൻ നാടൻ ഊർജ്ജരൂപങ്ങൾക്ക് കഴിയും. വാഹനപ്പെരുപ്പം തടയുക, ഇന്ധനങ്ങളുടെ അളവുകുറക്കുക, കൂടുതൽ ദക്ഷതയുള്ള വിറകടുപ്പോ/ ചൂടാറാപ്പെട്ടിയോ ഉപയോഗിക്കുക, സൈക്കിൾ ഉപയോഗം, ആഢംബരങ്ങൾ കുറക്കൽ, വലിയ വീടുകൾ, കച്ചവടസ്ഥാപനങ്ങൾ, കൂടുതൽ മാളുകൾ, ഫ്ളാറ്റ് സമുച്ചയങ്ങൾ, ആവശ്യത്തിലധികം വിസ്താരമുള്ള റോഡുകളും വിമാനത്താവളങ്ങളും നിർമ്മിക്കുക, പ്ലാസ്റ്റിക് കാരിബാഗുകൾ, ബോൾപോയിന്റ് പേനകൾ ഉപയോഗിക്കൽ എന്നിവയെല്ലാം ഇതിലേക്കുള്ള ചുവടുകളാണ്. ധൂർത്തും ആഢംബരവുമാണ് കൂടുതൽ മാലിന്യങ്ങൾ ഉത്പാദിപ്പിക്കുന്നത്. നാമുണ്ടാക്കുന്ന മാലിന്യങ്ങൾ നമുക്കു തന്നെ സംസ്കരിക്കാൻ കഴിയണം. അടുക്കളത്തോട്ടം, മാലിന്യങ്ങളിൽ നിന്ന് പാചകവാതകം ഉത്പാദിപ്പിക്കൽ, ദക്ഷത കൂടിയ ഉപകരണങ്ങൾ ഉപയോഗിക്കൽ, മരങ്ങൾ വച്ചു പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ആർജ്ജിക്കാവുന്ന ഒന്നാണിത്. കേരളത്തിലെ വീടുകളുടെ എണ്ണം (കുടുംബങ്ങളുടെ എണ്ണം 75 ലക്ഷം, വീടുകളുടെ എണ്ണമാകട്ടെ 90 ലക്ഷത്തിലധികവും), വാഹനങ്ങളുടെ എണ്ണം (കുടുംബങ്ങളുടെ എണ്ണത്തേക്കാൾ കൂടുതൽ), നഗരവാസികളുടെ എണ്ണം (333.90 ലക്ഷത്തിൽ 159.30 ലക്ഷവും നഗരവാസികൾ) - 2001 ൽ ഇത് 82.7 ലക്ഷം മാത്രമായിരുന്നു. പത്തു വർഷത്തിനുള്ളിൽ 92 ശതമാനം വളർച്ച) എന്നീകണക്കുകൾ കൂടി ചേർത്ത് വച്ചാലെ ഇതിന്റെ ഗൗരവം ബോധ്യപ്പെടൂ. മരവും കാടും പുഴയും കടലുമെല്ലാം ഉപജീവനോപാധി എന്നതിൽ നിന്നും ഉപഭോഗച്ചരക്കായി മാറ്റിയെടുത്ത കാലത്തിന്റെ തിരശ്ശീലയിൽ രോഹനം പോൽ പ്രകൃതിയെ ഉപയോഗിക്കണമെന്ന ഗാന്ധിജിയുടെ ഓർമ്മപ്പെടുത്തൽ അവഗണിക്കാൻ നമുക്ക് കഴിയുന്നതെങ്ങനെ? 21 -ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പെട്രോളിയം, കൽക്കരി, ലോഹം, വനം മത്സ്യം തുടങ്ങിയ പ്രകൃതി വിഭവങ്ങൾക്ക് അന്ത്യം കുറിക്കുമെന്നും ഓക്സിജൻ ഇല്ലാത്തകാലം അതി വിദൂരമല്ലെന്നും ശുദ്ധജല ലഭ്യതയ്ക്കായി ലോകയുദ്ധങ്ങൾ നടക്കുമെന്ന കിംഗ്ഹുബേർട്ടി (1950) ന്റെ പ്രവചനങ്ങൾ സത്യമായി അനുഭവപ്പെടാൻ തുടങ്ങിയിരിക്കുന്നു.

ഇങ്ങനെ പരിസരസംബന്ധമായ വിഷയങ്ങൾ ചർച്ചചെയ്യപ്പെടേണ്ടത് പരിസരത്തെക്കുറിച്ച് പരിസരത്തിലൂടെ പരിസരത്തിന് വേണ്ടി എന്ന നിലയിലായിരിക്കണം. പരിസര

പഠനത്തിന്റെ പ്രധാന തലങ്ങളും  ഇതുതന്നെ. പരിസരത്തിലൂടെ എന്ന തലം പരിസരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂന്നിയാവണം നടക്കേണ്ടത്. ഇത് പരിസരത്തെക്കുറിച്ച് ആവശ്യം വേണ്ട ധാരണകൾ രൂപപ്പെടുന്നതിനും പരിസരത്തിനു വേണ്ടി ജീവിക്കാനും പ്രാപ്തിയുണ്ടാക്കും.

പരിസരവുമായി ഇണങ്ങി ജീവിക്കുന്നതിന് വേദിയൊരുക്കുന്ന കുറച്ച് പ്രവർത്തനങ്ങൾ കൂടി പരിചയപ്പെടാം.

## സ്കൂൾതല, ക്ലബ്ബ്തല, ക്ലാസ് തല പ്രവർത്തനങ്ങൾ

* മണ്ണ് ശുദ്ധീകരണം - പ്ലാസ്റ്റിക് മുതലായ മാലിന്യങ്ങൾ പൂർണമായും സ്കൂൾ പരിസരത്തിൽ നിന്ന് ഒഴിവാക്കൽ.
* മണ്ണ് ശേഖരണം - പ്രദർശനം
* മഴ അളക്കൽ
* മണ്ണിനെ അിറയൽ - സ്കൂൾ, വീട്,  നാട് എന്നിവിടങ്ങളിലെ മണ്ണിനെ പഠിക്കുന്ന പ്രൊജക്ട് (കൃഷിക്കാർ, കൃഷിഭവൻ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച്)
* മണ്ണൊരുക്കൽ - പൂന്തോട്ടം, പച്ചക്കറിത്തോട്ടം & ഔഷധത്തോട്ടം. (വിവിധ ക്ലാസ് തല - മേഖല തിരിച്ച പ്രവർത്തനം.)
* മരം നടൽ
* ജലസംരക്ഷണ സംവിധാനങ്ങൾ ഒരുക്കൽ
* മണ്ണ് പരിശോധന - സോയിൽ ഹെൽത്ത് കാർഡ് നിർമ്മാണം
* ജലപരിശോധന - സ്വർണ്ണാഭരണ നിർമ്മാണ കമ്പനികളുടെ പരിസരത്തുള്ള പൊതു കിണർ, കുളം, കുടിവെള്ള സ്രോതസ്സുകൾ, വയലേലകൾ എന്നിവിടങ്ങളിൽ (PH പേപ്പർ ഉപയോഗിച്ചും പിന്നീട് മറ്റു ടെസ്റ്റുകൾ നടത്തിയും.)
* മണ്ണ് ജല സംരക്ഷണ കൃഷിമുറകൾ (ചില മാതൃകകൾ ഒരുക്കൽ)
    - കോണ്ടൂർ കൃഷി (ചരിവിന് കുറുകെ), ഇടവരി കൃഷി (പുല്ല്, പയർ), ബഹുതല കൃഷി (തെങ്ങ്, കുരുമുളക്, വാഴ, പച്ചക്കറി, കൈത, പുല്ല്), മിശ്രകൃഷി, ഇടവിള കൃഷി, ആവരണ കൃഷി, പുൽ കൃഷി, പുതയിടൽ, വിള പരിവർത്തനം . . . .
    - ജൈവവേലി നിർമ്മാണം (ശീമക്കൊന്ന, മുരിക്ക്, വേലിച്ചീര, വേലി പന്തൽ, കൈത, മുള, പുല്ല, ആവണക്ക് . . . . .)
* കൃഷിഭൂമി ഒരുക്കൽ
    - കല്ലു കയ്യാല - പുല്ല്, കൈത എന്നിവ ഉപയോഗിച്ച് (ഉരുൾപ്പൊട്ടൽ മേഖല)
    - മൺ കയ്യാല - പുല്ല്, കൈത (ചരിവു കുറഞ്ഞ പ്രദേശം)
    - തട്ട് തിരിക്കൽ
    - ട്രെഞ്ച് (കിടങ്ങ്) നിർമ്മാണം.
    - നീർക്കുഴി
    - താങ്ങ് ഭിത്തികൾ (കല്ല് ഭിത്തി.)

- നീർച്ചാൽ സംരക്ഷണം (തടയണകൾ)
- ചുള്ളിക്കമ്പ് തടയണ (ബ്രഷ് വുഡ്)
- ലൂസ് ബോലുഡർ ചെക്ക് ഡാം (പ്രാദേശിക കല്ലുകൾ മാത്രം)
- ഗാസിയൽ തടയണ (വേലിക്കമ്പികൾക്കിടയിൽ ഉരുളൻ കല്ല് നിറച്ച്)
- കോൺക്രീറ്റ് തടയണ
- പാർശ്വഭിത്തി നിർമ്മാണം (തോട്)
- നീർച്ചാലുകൾക്കിരുവശം രാമച്ചം മുള, കൈത, ഈറ്റ എന്നിവ ഉപയോഗിച്ച്.
- ജലസംഭരണി നിർമ്മാണം -(സോക്ക് പിറ്റ്, മഴക്കുഴി, കോണ്ടൂർ ചാല്. ട്രഞ്ച്, തട്ട് തിരിക്കൽ, തടം തിരിക്കൽ)

- മാലിന്യസംസ്കരണം
    - ❖ ജൈവം & അജൈവം
    - ❖ കമ്പോസ്റ്റ്, മണ്ണിരക്കമ്പോസ്റ്റ്, ബയോഗ്യാസ് മാതൃകകൾ
    - ❖ തരംതിരിക്കൽ
    - ❖ ഫെബ്രു. 2, 27, മാർച്ച് 3, 14, 21, 22, ഏപ്രിൽ 22, മെയ് - 22, ജൂൺ 8, 17, . . . . തുടങ്ങിയ പരിസ്ഥിതി പ്രാധാന്യമുള്ള ദിവസങ്ങൾക്കനുസൃതമായ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.
- നെൽവയൽ, തണ്ണീർത്തട സംരക്ഷണം
    - ❖ തൊട്ടടുത്ത കുളം, കിണർ, വയൽ എന്നിവ പഠന വിധേയമാക്കി പഞ്ചായത്ത്, പരിസ്ഥിതി കേന്ദ്രങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും പ്രശ്ന പരിഹാരത്തിനായി പ്രാദേശിക ജനങ്ങളെ ബോധവൽക്കരിക്കുകയും സമരമുറകളിലേക്ക് നയിക്കുകയും ചെയ്യൽ.
    - ❖ കുറുമാലിപ്പുഴ, അവിനിശ്ശേരിപ്പുഴ, ഇരിങ്ങാലക്കുട - കാട്ടൂർ, കിള്ളി മംഗലം, പുന്നക്കുളം പാടശേഖരങ്ങൾ, ലാലൂർ തുടങ്ങിയ പ്രദേശങ്ങളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ അതത് സ്കൂളുകളുമായി ബന്ധപ്പെട്ട് പഠിക്കാം.
    - ❖ ഇത്തരം പ്രദേശങ്ങളിൽ സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങളുമായി സഹകരിച്ച് പ്രശ്ന പരിഹാരം നടത്തുന്നതിനുള്ള പ്രാപ്തി നേടുന്ന രീതിയിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കണം.
- തീരദേശങ്ങൾക്കടുത്തുള്ള വിദ്യാലയങ്ങൾക്ക് അതതു പ്രദേശത്തെ ജലം പരിശോധിച്ച് ലവണാംശം കുറക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. മഴവെള്ളം റീച്ചാർജ്ജിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കാം. ഉപ്പു വെള്ളത്തിന് സാന്ദ്രത കൂടുതലായതിനാൽ റീച്ചാർജിംഗ് നടത്തിയാൽ കടൽ വെള്ളം കുടിവെള്ള സ്രോതസ്സുകളിലേക്ക് കയറില്ല.
- കളിമൺഖനനം, വയൽ നികത്തൽ, മാലിന്യങ്ങൾ തള്ളുന്ന പ്രദേശങ്ങൾ, മരം വെട്ടൽ, തരിശ്ശിടൽ തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങളിൽ സന്നദ്ധ സംഘടനകളുമായി ബന്ധപ്പെട്ട് പ്രശ്ന പരിഹരണത്തിനിറങ്ങാം.

- സ്കൂളിനോട് ചേർന്ന്

  കാവ് - നിർമ്മാണം & സംരക്ഷണം.

  കാട് - കുറച്ച് സ്ഥലമെങ്കിലും സ്വാഭാവികമായ വന വളർച്ചയ്ക്ക് അനുവദിക്കുക.
- ജീവജാലങ്ങൾക്ക് വസിക്കാനുള്ള കൂടുകൾ, ജലം, ഭക്ഷണം എന്നിവയ്ക്കുള്ള സംവിധാനം
- ആവാസവ്യവസ്ഥ സംരക്ഷണം
- പൂന്തോട്ടത്തിലൊരു കുളം (ആവാസ വ്യവസ്ഥ നിരീക്ഷണം)
- നേച്ചർ ലാബ് ഒരുക്കൽ

പരിസ്ഥിതി വിഷയങ്ങൾക്കനുസൃതമായ ബോധവൽക്കരണത്തിന് നാടകം, പാവനാടകം, പരീക്ഷണ - നിരീക്ഷണ പ്രവർത്തനങ്ങൾ.